CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




# കലാസ്നേഹിയായ താപസശ്രേഷ്ഠൻ



ജോർജ് കള്ളിവയലിൽ

www.marggam.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# കലാസ്നേഹിയായ താപസശ്രേഷ്ഠൻ



ജോർജ് കള്ളിവയലിൽ
(റസിഡന്റ് എഡിറ്റർ, ദീപിക, കൊച്ചി)

ആബേലച്ചൻ, മുഖവുര വേണ്ടാത്ത പേര്, കേരളത്തിലും പുറത്തും ആബേലച്ചനെ പരിചയപ്പെടുത്തേണ്ടിവരില്ല. ആബേലച്ചൻ സ്ഥാപിച്ച 'കലാഭവനെ' യും. അതുതന്നെയാണ് ആബേലച്ചന്റെ വലിപ്പം.

നാടിനേയും നാട്ടാരെയും അതിലേറെ കലയേയും സ്നേഹിച്ച നാടിന്റെ അഭിമാനം. പ്രകാശഗോപുരം പോലെ തിളങ്ങി നില്ക്കുമ്പോഴും വിനയത്തിന്റെ ശക്തി മനസ്സിലാക്കിയ താപസശ്രേഷ്ഠൻ കൂടിയാണ് അദ്ദേഹം.

പേരും പെരുമയും അംഗീകാരവും ബഹുമാനവുമെല്ലാം തേടിയെത്തുമ്പോഴും വിനയവും കലയോടും കലാകാരനോടുമുള്ള സ്നേഹവും ആബേലച്ചൻ കാത്തുസൂക്ഷിക്കുന്നു. "ഒരു കരിക്കട്ടയെ തിളങ്ങുന്ന വൈരക്കല്ലാക്കിമാറ്റിയതുപോലെ എന്നെയും മാറ്റുകയായിരുന്നു. നല്ലവനായ ദൈവത്തിന്റെ വരദാനങ്ങളെ മണ്ണിനടിയിൽ കുഴിച്ചുമൂടാതെ അനേകം മടങ്ങു ഫലം പുറപ്പെടുവിക്കുന്നതാക്കിയതിനും കർദ്ദിനാൾ പാറേക്കാട്ടിലിനോടു നന്ദിയുണ്ട്". ആബേലച്ചന്റെ ഈ വാക്കുകൾക്കു കൂടുതൽ വിശദീകരണം ആവശ്യമില്ല.

'കാർമലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്' എന്ന സന്യാസസഭയിലെ ഫാ. ആബേൽ സി.എം.ഐ. ഇന്നു സഭയോടൊപ്പം തന്നെ വളർന്നു വലുതായിക്കഴിഞ്ഞു. എറണാകുളം ജില്ലയിലെ മുളക്കുളം ഗ്രാമത്തിൽ മാത്തൻ വൈദ്യന്റെ അഞ്ചാമത്തെ മകൻ മാത്യുവാണ് വളർന്നു പന്തലിച്ച് ആബേലച്ചൻ എന്ന മഹാവൃക്ഷമായി മാറിയത്. സന്യാസസഭയുടെ ചിട്ടകളിൽ വളർന്ന് ളോഹയണിഞ്ഞു വൈദികനായപ്പോഴും ആബേലച്ചൻ തന്റെ കലയുടെ വഴികൾ തേടുകയായിരുന്നു.

മലയാളത്തിലെ ആദ്യദിനപത്രമായ 'ദീപിക' യിലാണു ഫാ. ആബേൽ ആദ്യം ജോലിയാരംഭിച്ചതെന്നത് എന്നെപ്പോലുള്ള പിൻ തലമുറക്കാർക്കു വലിയ ആവേശവും പ്രചോദനവുമാണ്. ദീപികയിൽ ആറു മാസം ജോലിയെടുത്തപ്പോഴേയ്ക്കും ഉന്നത വിദ്യാഭ്യാസത്തിനായി അച്ചനെ യൂറോപ്പിലേയ്ക്കയച്ചു. റോമിലെ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്നു രാഷ്ട്രമീമാംസയിൽ ഡോക്ടറേറ്റും ജേർണ്ണലിസത്തിൽ ഡിപ്ലോമയുമെടുത്ത് 1957-ൽ നാട്ടിൽ തിരിച്ചെത്തുമ്പോഴേയ്ക്കും ദൈവം അച്ചനെ രൂപപ്പെടുത്തുകയായിരുന്നു. ദീപികപ്പത്രത്തിലെ ബാലപംക്തി കൈകാര്യം ചെയ്യാനായിരുന്നു റോമിൽ നിന്നു മടങ്ങിയെത്തിയശേഷമുള്ള ആദ്യ നിയോഗം. കുട്ടികളെ കണ്ടെത്താനും അവർക്കു ശരിയായ മാർഗ്ഗനിർദ്ദേശം നൽകാനും ദീപികയിലെ സേവനം തുണയായി. ബാലപംക്തി സജീവമായതോടെ ആബേലച്ചനും ഉണർവായി.

'ദീപിക ബാലസഖ്യം' (ഡി.സി.എൽ.) എന്ന മഹത്പ്രസ്ഥാനത്തിന് തുടക്കം കുറിക്കാൻ അച്ചനു കഴിഞ്ഞത് ഈ ഉന്മേഷമാണ്. ഏഷ്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥി പ്രസ്ഥാനമായി ഇന്ന് വളർന്ന ദീപിക ബാലസഖ്യത്തിനു മൂന്ന് ലക്ഷത്തിലേറെ അംഗങ്ങളുമായി. ജാതി-മത-വർണ-വർഗ-ദേശ ഭേദമില്ലാതെ എല്ലാവരെയും ഒരുമിപ്പിച്ചു 'നാം ഒരു കുടുംബം' എന്ന മുദ്രാവാക്യവുമായി ദീപിക ബാലസഖ്യം പടർന്നുപന്തലിക്കുമ്പോൾ ആബേലച്ചനു തീർച്ചയായും ആഹ്ലാദിക്കാം. ദീപിക ബാലസഖ്യത്തിന്റെ പെട്ടെന്നുള്ള വളർച്ച ഇത്തരത്തിലുള്ള നിരവധി പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിനും കാരണമായി.

ഈ കാലഘട്ടത്തിൽ എറണാകുളത്തെ 'സത്യദീപം' ഓഫീസിനോടനുബന്ധിച്ച് ആബേലച്ചൻ തുടങ്ങിയ ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബ് മറ്റൊരു വഴിത്തിരിവായിരുന്നു. കെ.ജെ. യേശുദാസ് മുതൽ ദക്ഷിണാമൂർത്തിയും, എം. കെ. അർജ്ജുനനും, എമിൽ ഐസക്കുമെല്ലാം ആബേലച്ചനോടു സഹകരിച്ചു. 1969-ൽ കലാഭവൻ തുടങ്ങാനും വഴിതെളിഞ്ഞു വെന്നതും കേരളത്തിന്റെ നേട്ടമായി.

ആബേലച്ചന്റെയും കലാഭവന്റെയും സംഭാവനകൾ മലയാളനാടിന് ഇനിയും നേട്ടമാകുമെന്നതിൽ സംശയമില്ല. കലാഭവൻ ടാലന്റ് സ്ക്കൂൾ പുതിയ കാലഘട്ടത്തിലെ കുതിപ്പിന്റെ തുടക്കമാവുകയും ചെയ്യും.



www.marggam.com

marggam

Digital Library of Christianity in India

www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org